# പതിമൂന്നാം കേരളനിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : T. 1481

21.03.2012 ൽ മറുപടിയ്ക്ക്

## പ്ലാനിംഗ് ബോർഡ് യോഗങ്ങൾ

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്; | (എ) മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ചെയർമാനും മുൻ കാബിനറ്റ് സെക്രട്ടറി ശ്രീ.കെ.എം. ചന്ദ്രശേഖർ വൈസ്ചെയർമാനുമായ സംസ്ഥാന ആസൂത്രണ ബോർഡിൽ മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. കെ. സി. ജോസഫ്, ശ്രീ. കെ. പി. മോഹനൻ, ശ്രീ. ആര്യാടൻ മുഹമ്മദ് എന്നിവർ ഔദ്യോഗികാംഗങ്ങളും, ശ്രീ. ഇ. ശ്രീധരൻ, ശ്രീ. തരുൺദാസ്, ശ്രീ. ജി. വിജയരാഘവൻ, ശ്രീ. സി. പി. ജോൺ എന്നിവർ അനൗദ്യോഗികാംഗങ്ങളും, ശ്രീ.സുബ്രതാ ബിശ്വാസ് ഐ.എ.എസ് മെമ്പർ സെക്രട്ടറിയുമാണ്. |
| (ബി) ഇവരിൽ നോൺ മിനിസ്റ്റർ മെമ്പർമാരിൽ എല്ലാപേരും ഫുൾടൈം അംഗങ്ങളാണോ എന്ന് വ്യക്തമാക്കുമോ; | (ബി) നോൺ മിനിസ്റ്റർ മെമ്പർമാരിൽ ശ്രീ.സി.പി.ജോൺ മാത്രമാണ് ഫുൾടൈം മെമ്പർ |
| (സി) നോൺ മിനിസ്റ്റർ അംഗങ്ങൾക്ക് ശമ്പളം, അലവൻസ് ഉൾപ്പെടെ ഓരോരുത്തർക്കും പ്രതിമാസം നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) ഫുൾടൈം മെമ്പർക്ക് പ്രതിമാസം 44,640/- രൂപ അടിസ്ഥാന ശമ്പളവും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകുന്ന നിരക്കിൽ ഡി.എ., എച്ച്.ആർ.എ., സി.സി.എ. എന്നിവയും അനുവദിച്ചിട്ടുണ്ട്.<br>പാർട്ട് ടൈം മെമ്പർമാർക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി ഹാജരാകുന്ന ദിവസങ്ങളിൽ 2000/- രൂപ വീതം സിറ്റിംഗ് ഫീ അനുവദിച്ചിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം സംസ്ഥാന പ്ലാനിംഗ് ബോർഡ് എത്ര പ്രാവശ്യം യോഗം ചേർന്നു എന്ന് വ്യക്തമാക്കുമോ? | (ഡി) രണ്ട് പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ